

# പുഴ

**സലാം കരുവമ്പൊയിൽ**

ഇറ്റിറ്റു വീഴുന്ന
രാത്രിയുടെ മൗനം
പടർന്നു കത്തുന്ന നഗരത്തിന്റെ
കാറ്റാടി മരങ്ങൾക്ക്
എന്നും
തിരുമുൽകാഴ്ച തന്നെ.
നിദ്രാവിഹീനമായ
നിശീഥം
ചുരുണ്ടുമൂടിക്കിടക്കുന്ന ഹൃദയങ്ങൾക്ക്
സാന്ത്വനമരുളുന്നതും
ചോർന്നൊലിക്കുന്ന
ശബ്ദങ്ങളെ
പുതപ്പിട്ടു മൂടികിടത്തുന്നതും
തെരുവുകൾ പൂത്തുനിൽക്കുന്ന
നഗരത്തിന്റെ മാത്രം
പകർപ്പാവകാശം...
ചൂണ്ടുപലകകളിൽ
ചുകപ്പുരാശി മാഞ്ഞുപോകുന്ന
ചില
രേഖാചിത്രങ്ങളുണ്ട്.
ചുളുങ്ങി നിൽക്കുന്ന വേറെ ചില
ചൂണ്ടാണി വിരലുകളുടെ
വിറയാർന്ന
നിഴൽ കീറുകളുണ്ട്.

ഇരുട്ട് പെയ്യുമ്പോൾ
ഭൂമി
കൊമ്പുകൾ
കൂമ്പിയും
ഇലകൾ
തൂവിയും
വിതുമ്പി നിൽക്കുംപോലെ.

ഓരോ
അടക്കം പറച്ചിലും
വറ്റിപ്പോകുന്നതും
ഒരു
കിളിവാതിലും
ഒന്നുമുരിയാടാത്തതും
ഓരോ
മഴപ്പാറ്റയുടെ സ്വപ്നവും
അഴുകിപ്പോവുന്നതും
പട്ടണാതിർത്തികളിൽ
പുഴകളൊക്കെയും
കെട്ടടങ്ങിപ്പോകുന്നതുകൊണ്ടാണ്.
■

Vol. No: 70 Issue No. 21 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla